(ബി) നഷ്ടത്തിലിരിക്കുന്ന ബാങ്കുകൾക്ക് റിവൈവൽ പാക്കേജും സർക്കാർ ഓഹരിയും, നബാർഡ് കാർഷിക വായ്പയ്ക്ക് അനുവദിക്കുന്ന പലിശയിളവ് മാതൃകയിൽ റിസർവ് ബാങ്കിൽ നിന്നും അർബൻ ബാങ്കുകൾക്ക് ആശ്വാസമായ പലിശയിളവ് വായ്പയും ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) അർബൻ ബാങ്കുകളുടെ സമഗ്രപുരോഗതിക്കും പ്രൊഫഷണലൈസേഷനും വേണ്ടി ഒരു അപ്പെക്സ് സ്ഥാപനം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സൂപ്പർ ഗ്രേഡ് നടപ്പാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. കേരള സഹകരണ ചട്ടം അപ്പന്റിക്സ് III ഭേദഗതി ചെയ്യുന്ന വേളയിൽ ആവശ്യമെങ്കിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) അർബൻ സഹകരണ ബാങ്കുകൾ റിസർവ് ബാങ്ക് ലൈസൻസോടെ ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സഹകരണ ബാങ്കുകളാണ്. സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെ പലിശനിരക്കും വായ്പകൾക്ക് ഈടാക്കുന്ന പലിശ നിരക്കും, മാർജിനും എല്ലാം അതാതു ബാങ്കുകൾ തന്നെയാണ് തീരുമാനിച്ചുവരുന്നത്. ഇത്തരം ബാങ്കുകൾക്ക് റിവൈവൽ പാക്കേജ് നടപ്പാക്കുന്ന കാര്യം പരിഗണനിയിലില്ല. മൂലധന പര്യാപ്തത നിഷ്കർഷിച്ചിട്ടുള്ള 9 ശതമാനത്തിൽ കുറവായ അർബൻ ബാങ്കുകൾക്ക് മൂലധന പര്യാപ്തത കൈവരിക്കുന്നതിന് 10 ലക്ഷം രൂപ സർക്കാർ ഓഹരി മൂലധനം അനുവദിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. നബാർഡ് കാർഷിക വായ്പയ്ക്ക് അനുവദിക്കുന്ന പലിശയിളവ് മാതൃകയിൽ അർബൻ ബാങ്കുകൾക്കായി എന്തെങ്കിലും പദ്ധതി റിസർവ് ബാങ്ക് ആവിഷ്കരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരും റിസർവ് ബാങ്കുമാണ് നടപടി സ്വീകരിക്കേണ്ടത്.

(സി) അർബൻ സഹകരണ ബാങ്കുകളുടെ അപ്പക്സ് സ്ഥാപനം കേരള സംസ്ഥാന സഹകരണ അർബൻ ബാങ്ക് ഫെഡറേഷൻ ക്ലിപ്തം എന്ന് കേരള സഹകരണ ചട്ടം 15-ൽ വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ ചട്ടം ഭേദഗതി ചെയ്തിട്ടുണ്ട്.

ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തന ശാക്തീകരണം

92 (4083) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ത്രിവേണി സ്റ്റോറുകളിൽ പല നിത്യോപയോഗ സാധനങ്ങളും ലഭ്യമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ ത്രിവേണി സ്റ്റോറുകളുടെ ദൈനംദിന വ്യാപാര മേഖലയിൽ വിനിയോഗിച്ചിരുന്ന പ്രവർത്തന ഫണ്ട് നിലനിർത്തി വ്യാപാരം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുന്നതിൽ ചില തടസ്സങ്ങൾ ഉണ്ടായതുമൂലം ചില നിത്യോപയോഗ സാധനങ്ങൾ ലഭ്യമാകാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണനിയമ ഭേദഗതി

93 (4084) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 ഫെബ്രുവരിയിലെ സഹകരണ നിയമ ഭേദഗതിക്കനുസൃതമായി സഹകരണചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; എന്തൊക്കെ ഭേദഗതികളാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദീകരിക്കാമോ;

(ബി) ഇൻകം ടാക്സ് വകുപ്പുദ്യോഗസ്ഥർ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും നിക്ഷേപകരുടെ വിവരങ്ങൾ ശേഖരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതു നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വിവരങ്ങൾ ശേഖരിക്കുന്നത്; ഇത്തരം വിവര ശേഖരണത്തിനെതിരെ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകളിൽ നടത്തുന്ന നിക്ഷേപങ്ങൾ ജില്ലാ സഹകരണ ബാങ്കിന്റെ എസ്.എൽ.ആർ.-ന് ഇനിമേൽ പരിഗണിക്കില്ലെന്ന് റിസർവ് ബാങ്ക് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതുമൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കുകളും 2015 മാർച്ച് 31-ഓടെ 7% C.R.R സൂക്ഷിക്കണമെന്ന് ആർ.ബി.ഐ. നിർദ്ദേശം പുറപ്പെടുവിച്ചതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംസ്ഥാന/ജില്ലാ ബാങ്കുകളെ പ്രതികൂലമായി ബാധിക്കുന്നതു തടയാൻ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, കാർഷികവായ്പാ സഹകരണസംഘങ്ങൾ എന്നിവയുടെ നിക്ഷേപ-വായ്പാ അനുപാതം 2014 മാർച്ച് 31-ന് എത്രയാണ്; വായ്പയുടെ പലിശനിരക്ക് ഉയർത്തിയത് ഈ അനുപാതത്തെ സ്വാധീനിച്ചിട്ടുണ്ടോ; അങ്ങനെയെങ്കിൽ, വായ്പയുടെ പലിശനിരക്ക് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly